ഗവൺമെന്റ് ഓഫ് കേരള
ഗവ.മെഡിക്കൽ കോളേജ് കോട്ടയം
ഗാന്ധിനഗർ പി.ഒ കോട്ടയം.-08

ഇ-മെയിൽ medicalcollegekottayam@gmail.com ഫോൺ നം. 0481-2597279
ഫാക്സ്: 0481-2597284 04812597284

---

നം. ജി.എം.സി കെ.റ്റി.എം/1290/2019-എ5 തീയതി:29-04-2026

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ **2026 ജൂൺ മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റാഫ് & സ്റ്റുഡന്റ്സ് കാൻറീൻ പ്രവർത്തിപ്പിക്കുന്നതിന്** ഈ രംഗത്ത് പ്രവൃത്തി പരിചയമുള്ള പ്രമുഖ സ്ഥാപനങ്ങൾ / ഏജൻസികൾ/ സന്നദ്ധ സംഘടനകൾ / കരാറുകാർ / സഹകരണ സംഘങ്ങൾ / കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു:-

1. ക്വട്ടേഷൻ അടക്കം ചെയ്യുന്ന കവറിനു പുറത്ത് കോട്ടയം ഗവ. മെഡിക്കൽ കോളേജ് സ്റ്റാഫ് & സ്റ്റുഡന്റ്റ്സ് ക്യാന്റീൻ 2026-2027 വർഷത്തേയ്ക്ക് പ്രവർത്തിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ എന്നും ക്വട്ടേഷൻ നൽകുന്ന ആളുടെ പേരും മേൽവിലാസവും രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.
2. ക്യാന്റീൻ പ്രവർത്തന കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രമായിരിക്കും.
3. ക്വട്ടേഷനുകൾ 2026 മെയ് 15-ാ ം തീയതി ഉച്ചയ്ക്ക് 12 മണിവരെ കോട്ടയം ഗവ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസിൽ സ്വീകരിക്കുന്നതാണ്.
4. 2026 മെയ് 15-ാ ം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് ക്വട്ടേഷൻ നൽകിയവരുടേയോ അവർ ചുമതലപ്പെടുത്തിയ പ്രതിനിധിയുടേയോ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന ആൾ **5000/- രൂപ നിരതദ്രവ്യമായി** ക്രോസ് ചെയ്യാത്ത ഡിമാന്റ് ഡ്രാഫ്റ്റ് പ്രിൻസിപ്പലിന്റെ പേരിൽ വാങ്ങി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്തവരുടെ ക്വട്ടേഷൻ നിരസിക്കുന്നതാണ്.
6. ക്വട്ടേഷൻ നൽകുന്ന വ്യക്തിയുടെ ആധാർ കാർഡിന്റെ പകർപ്പം, മുൻപ് ക്യാന്റീൻ നടത്തി പരിചയം ഉണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പം ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
7. കരാർ ലഭിക്കുന്ന വ്യക്തി കരുതൽ ധനമായി **ഒരു മാസത്തെ വാടക/ 50,000/- രൂപ** (ഏതാണോ കൂടിയത് ആയത്) ബാങ്കിൽ അടച്ച് രസീത് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് (SBI A/c No.57011375056).
8. 200/- രൂപ മുദ്രപ്പത്രം കരാറുകാരന്റെ പേരിൽ വാങ്ങി ഈ കാര്യാലയത്തിൽ സമർപ്പിച്ച് ക്യാന്റീൻ നടത്തിപ്പിലേക്ക് കരാർ വയ്ക്കേണ്ടതാണ്.
9. ക്യാന്റീൻ കെട്ടിടത്തിന്റെ ഏറ്റവും ഉയർന്ന പ്രതിമാസ വാടക ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്നതാണ്.

9. വൈദ്യുതി/ വാട്ടർ മീറ്ററുകൾ പ്രത്യേകം സ്ഥാപിച്ച് ചാർജ്ജുകൾ ക്യാന്റീൻ നടത്തിപ്പകാർ സ്വന്തമായി അടയ്ക്കേണ്ടതാണ്.

10. ക്യാന്റീൻ കെട്ടിടത്തിന്റെ വാടക മുൻകൂറായി എല്ലാ മാസവും 5-ാം തീയതിയ്ക്കു മുമ്പായി ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കുടിശ്ശിക വരുത്തുവാൻ പാടില്ലാത്തതുമാണ്.

11. ക്യാന്റീൻ കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും വാടക പുനഃനിർണ്ണയിച്ച കഴിയുമ്പോൾ അത് പ്രകാരമുള്ള വാടക അടയ്യേണ്ടതാണ്.

12. ക്യാന്റീൻ നടത്തിപ്പിനായി ആവശ്യമായ വസ്തുക്കൾ/ഉപകരണങ്ങൾ എല്ലാം ക്വട്ടേഷൻ എടുക്കുന്ന വ്യക്തി തന്നെ ലഭ്യമാക്കേണ്ടതാണ്.

13. ക്യാന്റീനിൽ വിതരണം ചെയ്യാൻ കഴിയുന്ന ഭക്ഷണസാധനങ്ങളുടെ പട്ടിക ഇതോടൊപ്പം ചേർത്തിരിക്കുന്നു. പട്ടികയിൽ ഉൾപ്പെടാത്ത ഭക്ഷണ സാധനങ്ങൾ വിപണി വില അനുസരിച്ച് വിതരണം ചെയ്യുവാൻ പ്രിൻസിപ്പലിന്റെ അനുമതി വാങ്ങേണ്ടതാണ്.

14. കാന്റീൻ കോണ്ട്രാക്ടർ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ അളവും ഗുണ നിലവാരവും നിയുക്തമായ കാൻ്റീൻ കമ്മിറ്റി പരിശോധിക്കുന്നതായിരിക്കും.

15. പുകയില ഉൽപ്പന്നങ്ങൾ, പാൻ മസാല, മറ്റ് ലഹരി പദാർത്ഥങ്ങൾ കാൻ്റീനിൽ വിതരണം നടത്തുവാൻ പാടുള്ളതല്ല

16. കാന്റീൻ എല്ലാ ദിവസവും രാവിലെ 7 മണി മുതൽ വൈകിട്ട് 6 മണി വരെ തുറന്നു പ്രവർത്തിക്കേണ്ടതാണ്. പ്രിൻസിപ്പലിന്റെ മുൻകൂർ അനുമതി വാങ്ങാതെ കാൻ്റീൻ അടച്ചിടുവാൻ പാടുള്ളതല്ല.

17. കാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും ക്യാന്റീനിലുണ്ടാകുന്ന ആഹാരാവശിഷ്ടങ്ങളും മാലിന്യങ്ങളും സ്വന്തം ചെലവിൽ കോളേജ് കോമ്പൗണ്ടിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും മാലിന്യ സംസ്കരണം കോളേജ് പരിസരത്ത് അനുവദിക്കുന്നതല്ല.

18. കാന്റീൻ കരാർ അനുവദിച്ച് കിട്ടിയതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിക്കുന്ന ലൈസൻസും ഭക്ഷ്യ സുരക്ഷ കമ്മീഷൻ അനുവദിക്കുന്ന ലൈസൻസും കോണ്ട്രാക്ടർ സ്വന്തം ഉത്തരവാദിത്വത്തിൽ ലഭ്യമാക്കേണ്ടതാണ്.

19. ജീവനക്കാർ കാണത്തക്കവിധത്തിൽ വില നിലവാരം പ്രദർശിപ്പിക്കേണ്ടതും ജീവനക്കാർക്ക് 20% കിഴിവ് അനുവദിക്കേണ്ടതുമാണ്.

20. ക്യാന്റീൻ നടത്തിപ്പിനല്ലാതെ മറ്റ് യാതൊരാവശ്യങ്ങൾക്കും അനുവദിച്ചിരിക്കുന്ന സ്ഥലം ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

21. പട്ടികയിൽ ചേർത്തിരിക്കുന്ന ആഹാരപദാർത്ഥങ്ങൾ നിർദ്ദിഷ്ട അളവിലും തൂക്കത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി നൽകേണ്ടതാണ്.

22. എല്ലാ ക്വട്ടേഷനുകൾക്കും ബാധകമായ നിയമങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കൂടി ഇതിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസ് സമയങ്ങളിൽ കോളേജ് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

23. കാന്റീൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിന്റെ സ്ഥാവരജംഗമ വസ്തുകൾക്കോ മറ്റേതെങ്കിലും സംവിധാനങ്ങൾക്കോ എന്തെങ്കിലും കേടുപാടുകൾ/ നാശനഷ്ടങ്ങൾ ഉണ്ടായാൽ ക്വട്ടേഷൻ എടുത്ത വ്യക്തി സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരുതൽ ധനത്തിൽ നിന്ന് കണ്ട് കെട്ടുന്നതായിരിക്കും.

24. ഏതൊരു ക്വട്ടേഷനും കാരണം കൂടാതെ അംഗീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പലിൽ നിക്ഷിപ്തമായിരിക്കും.

ഇനം തിരിച്ചുള്ള വിവരം:-

| ക്രമ നം | ഇനം | അളവ് | വില (രൂപ) |
|---|---|---|---|
| 1 | കാപ്പി | 150 മി.ലി | 12 |
| 2 | ചായ | 150 മി.ലി | 10 |
| 3 | ദോശ | 100 ഗ്രാം (1 എണ്ണം) | 10 |
| 4 | ഇഡലി | 100 ഗ്രാം (1 എണ്ണം) | 10 |
| 5 | പൊറോട്ട | 100 ഗ്രാം (1 എണ്ണം) | 12 |
| 6 | ചപ്പാത്തി | 100 ഗ്രാം (1 എണ്ണം) | 10 |
| 7 | ഇടിയപ്പം | 100 ഗ്രാം (1 എണ്ണം) | 10 |
| 8 | അപ്പം | 100 ഗ്രാം (1 എണ്ണം) | 10 |
| 9 | കിഴങ്ങ് കറി | 150ഗ്രാം | 30 |
| 10 | കടലക്കറി | 150 ഗ്രാം | 30 |
| 11 | മുട്ട റോസ്റ്റ് | 1 എണ്ണം | 25 |
| 12 | ചിക്കൻ ഫ്രൈ | 150 ഗ്രാം | 70 |
| 13 | ബീഫ് ഫ്രൈ | 150 ഗ്രാം | 130 |
| 14 | മീൻ കറി | 150 ഗ്രാം | 60 |
| 15 | ചിക്കൻ കറി | 1 കഷണം (100 ഗ്രാമിൽ കുറയാതെ) | 120 |
| 16 | ബീഫ് കറി | 150 ഗ്രാം | 100 |
| 17 | മീൻ വറുത്തത് | 1 കഷണം (50 ഗ്രാമിൽ കുറയാതെ) | 60 |
| 18 | പരിപ്പ് വട | 50 ഗ്രാം (1 എണ്ണം) | 10 |
| 19 | ഉഴുന്ന് വട | 50 ഗ്രാം (1 എണ്ണം) | 10 |
| 20 | ഏത്തയ്ക്കാ ആപ്പം | 50 ഗ്രാം (1 എണ്ണം) | 10 |
| 21 | ബോണ്ട/ഉണ്ട | 50 ഗ്രാം (1 എണ്ണം) | 10 |
| 22 | നെയ്യപ്പം | 50 ഗ്രാം (1 എണ്ണം) | 10 |
| 23 | കൊഴുക്കട്ട | 50 ഗ്രാം (1 എണ്ണം) | 10 |
| 24 | ഊണ് (സാമ്പാർ, അവിയൽ, തോരൻ, പുളിശ്ശേരി, രസം, കൂട്ട് കറി, പച്ചമോര്, അച്ചാർ സഹിതം) | 1 പ്ലേറ്റ് | 70 |
| 25 | ബിരിയാണി (ചിക്കൻ) | 1 പ്ലേറ്റ് | 130 |
| 26 | ബിരിയാണി (വെജിറ്റബിൾ) | 1 പ്ലേറ്റ് | 100 |

മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾ ക്വട്ടേഷനോടൊപ്പം തൂക്കവും വിലയും സഹിതം സമർപ്പിക്കാവുന്നതാണ്.

Digitally signed by
Dr Varghese P Punnoose
Date: 29-04-2026
16:38:02

PRINCIPAL

നോട്ടീസ് ബോർഡുകൾ:-

1) ഗവ. മെഡിക്കൽ കോളേജ് ഓഫീസ്, കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, ഗവ. ഡന്റൽ കോളേജ്, ഗവ. നഴ്സിംഗ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ഏറ്റുമാനൂർ KMCHC,

2) ഗ്രാമപഞ്ചായത്ത്, ആർപ്പൂക്കര, അതിരമ്പുഴ, അയ്മനം.

3) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി.

4) വെബ് സൈറ്റ്.

5) ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.